ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആസനം പഠിപ്പിക്കാൻ അറിയാവുന്ന ആളുകളില്ലാതെ ശവാസനംപോലെയുള്ള ആസനങ്ങളും പഠിപ്പിക്കുന്നതു ബുദ്ധിമുട്ടായിരിക്കും.

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്കൂളുകളിൽ കായികാഭ്യാസത്തിനു പ്രോത്സാഹനം നൽകാത്തതുകൊണ്ടാണ് ആർ.എസ്.എസ്. കാർ ആയുധ പരിശീലനം സംഘടിപ്പിക്കുന്നത് എന്നുള്ളതു പരിഗണിച്ച് സ്കൂളുകളിൽ കായികാഭ്യാസവും കരാട്ടെയും പഠിപ്പിക്കുന്നതിന് നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്കൂളുകളിലെ കായികാഭ്യാസ പഠനം മോശമായതുകൊണ്ടാണ്, ആർ.എസ്.എസ്. മുതലായ സംഘടനകളും ആയുധ പരിശീലനം നടത്തുന്നത് എന്ന അഭിപ്രായം ഇല്ല. അഖിലേന്ത്യാ കായികമൽസരത്തിൽ കേരളം കിരീടം നേടിയത് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ ഈയവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. സ്കൂളുകളിലെ കായികാഭ്യാസം മെച്ചപ്പെടുത്തിയാൽ ആർ. എസ്. എസിന്റെ ആയുധ പരിശീലനം ഇല്ലാതാകുമെന്ന അഭിപ്രായമില്ല.

ശ്രീ. വി. ജെ. ജോസഫ്: ദേശീയ കായിക മൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ചുവന്ന കായികതാരങ്ങളെ അനുമോദിക്കണം എന്നു പറയാറുണ്ടെങ്കിലും അവർക്കു വളരെ തണുത്ത സ്വീകരണമാണ് നൽകിയിരുന്നത് എന്നതിനെപ്പറ്റി പരക്കെ ആക്ഷേപം ഉണ്ടെന്നു ഗവൺമെന്റു തന്നെ പരാതിപ്പെട്ടിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണോ? ആണെങ്കിൽ ആവർത്തിക്കാതെയിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തണുത്ത സ്വീകരണം ആണ് നൽകിയത് എന്നതിനോട് ഗവൺമെന്റ് യോജിക്കുന്നില്ല. കായികാദ്ധ്യാപകരെ സംബന്ധിച്ച ചോദ്യത്തിൽനിന്ന് കായികതാരങ്ങളെ സംബന്ധിച്ച ചോദ്യത്തിലേക്ക് കടക്കുന്നതു ശരിയല്ല സർ.

ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

* 663 [723] ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ-സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ഉണ്ട്;

(ബി) അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ) സെൻട്രൽ സെക്ടറിൽ നാലും സ്റേററ് സെക്ടറിൽ രണ്ടും.

(ബി) സെൻട്രൽ സെക്ടറിൻകീഴിൽ ചവറ, ചാവക്കാട്, വേങ്ങരമാനന്തവാടി എന്നീ സ്ഥലങ്ങളിലും സ്റേററു സെക്ടറിൻകീഴിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലും ആണ് ഉള്ളത്

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) 1979-80 വർഷത്തിൽ സെൻട്രൽ സെക്ടറിൽ പുതിയ മൂന്നു പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റ് അലോട്ടു ചെയ്തിട്ടുണ്ട്. അവ എവിടെയെല്ലാമാണ് ആരംഭിക്കേണ്ടതു് എന്നതിനെക്കുറിച്ചു് സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്രഗവൺമെന്റു ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. പി. ടി. കുഞ്ഞുട്ടിഹാജി: ഈ സ്കീം നടപ്പാക്കുമ്പോൾ മൽസ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾക്കു പ്രത്യേക പരിഗണന കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പിന്നോക്ക പ്രദേശങ്ങൾ, ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ട്രൈബൽ ഏരിയ, മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എന്നിവയ്ക്കാണ പരിഗണന നൽകുന്നത്.

ശ്രീ. ടി. എം. ജേക്കബ്: ഈ വർഷം അന്താരാഷ്ട്ര ശിശുവർഷമാണ്. നമ്മുടെ സംസ്ഥാനത്ത് കൂടുതൽ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? മന്ത്രി ഇപ്പോൾ പറഞ്ഞ ഉത്തരത്തിൽ നിന്നും രണ്ടു സെൻററുകൾ മാത്രമേ സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഉള്ളൂ എന്നു പറഞ്ഞു. എന്തുകൊണ്ടു കൂടുതൽ സെൻററുകൾ സ്ഥാപിക്കാൻ ബുദ്ധിമുട്ട് എന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു വളരെ ചെലവുള്ള പ്രോജക്ടാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ സെൻററുകൾ നടത്താൻ കഴിയുമോ എന്നു സംശയമാണ്.

ശ്രീ. പി. ശങ്കർ: ഐ.സി.ഡി.എസ്. പ്രോജക്ട് പുതിയതായി തുടങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: മാനദണ്ഡമുണ്ട്. പിന്നോക്ക പ്രദേശങ്ങൾ, ഹരിജനങ്ങളും ഗിരിജനങ്ങളും കൂടുതലുള്ള പ്രദേശങ്ങൾ, പോഷകാഹാരക്കുറവുള്ള പ്രദേശങ്ങൾ ഇതെല്ലാം നോക്കിയിട്ടാണ് തിരഞ്ഞെടുക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇതിനു മൊത്തം എത്ര തുക ചെലവഴിച്ചുവെന്നും അതിൽ സെൻട്രൽ ഗവൺമെൻറിൽനിന്ന് എന്തുകിട്ടിയെന്നും പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സെൻട്രൽഗവൺമെൻറിന്റെ കീഴിലുള്ള പ്രോജക്ടിന്റെ തുക മുഴുവൻ സെൻട്രൽഗവൺമെൻറിൽ നിന്നാണ് കിട്ടുന്നത്.

ശ്രീ. വി. ഈച്ചരൻ: കൂടുതൽ ഐ.സി.ഡി.സി. യൂണിറ്റുകൾ കേന്ദ്രത്തിൽനിന്ന് അനുവദിക്കാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ അടുത്ത സാമ്പത്തികവർഷത്തിൽ എത്ര കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ഞാൻ ആദ്യമേ പറഞ്ഞു. 1979-80 വർഷത്തിൽ സെൻട്രൽ സെക്ടറിൽ പുതിയ മൂന്നു പ്രോജക്ടുകൾ കേന്ദ്രഗവൺമെൻറ് അലോട്ടുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വാമദേവൻ: അന്താരാഷ്ട്ര ശിശുവർഷം പ്രമാണിച്ച് ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട ശിശുക്കൾക്ക് ഒരു നേരത്തെ ആഹാരം എന്ന നമ്മുടെ പ്രഖ്യാപിതലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ആ ലക്ഷ്യം വച്ചുകൊണ്ട് ഇത്തവണ കൂടുതൽ സെൻറുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; അല്ലെങ്കിൽ മറെറന്ത് ഏജൻസിയെ ആണ് ആശ്രയിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതല്ലാതെ പോഷകാഹാരം നൽകുന്നതിനു വേറെ പല പദ്ധതികളുമുണ്ട്. ഈ പദ്ധതികൾ അതിൽ ഒന്നുമാത്രമാണ്. ഇത് ഒരു സംയോജിതപദ്ധതിയാണ്. മറെറത് ഭക്ഷണം കൊടുക്കുന്നതിനുമാത്രമുള്ള പദ്ധതിയാണ്.

ശ്രീ. ഇ.പി. ഗോപാലൻ: ഈ പദ്ധതി ആരംഭിച്ചിട്ടുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ ഒരു കൊല്ലത്തെ അതിൻെറ പ്രവർത്തനഫലം പരിശോധിച്ചിട്ട് അതിനുശേഷം ഇനിയുള്ള പ്രദേശങ്ങൾ തിരഞ്ഞെടുക്കാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പരിശോധനയൊന്നും നടന്നിട്ടില്ല. പക്ഷേ, ഇതു കേന്ദ്രഗവൺമെൻറിൻെറ പദ്ധതിയാണ്; ആ പദ്ധതിയിൽ കിട്ടുന്നതനുസരിച്ച് നടപ്പിലാക്കണമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം. ഫലം വളരെ ഉണ്ടായിട്ടുണ്ടെന്നുതന്നെയാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: അടുത്ത സാമ്പത്തികവർഷത്തിലേക്ക് മൂന്നു പ്രോജക്ടുകൾക്ക് കേന്ദ്രത്തിൽനിന്ന് അനുവാദം കിട്ടി എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ മൂന്നു പ്രോജക്ടുകൾ എവിടെയൊക്കെയാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: അഞ്ചുവയസ്സിനുതാഴെയുള്ള കുട്ടികൾക്കു പോഷകാഹാരം കൊടുക്കുന്നതിന് ഇക്കൊല്ലം ഗവൺമെൻറ് പ്രഖ്യാപിച്ച പദ്ധതിയുണ്ട്. ഇതു രണ്ടുംകൂടി, കൂടുതൽ പ്രായോഗികമാക്കുന്നതിനുവേണ്ടി സംയോജിപ്പിച്ചു പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: രണ്ടുംകൂടി യോജിപ്പിക്കേണ്ടതില്ല, സർ.

ടി. ടി. സി. പാസാകാത്ത ഹരിജൻ അദ്ധ്യാപകർ

* 664 [724] ശ്രീ. വി. കെ. രാജൻ:
,, ഇ. കെ. പിള്ള:
,, എ. എൻ. യൂസഫ്:
,, സി. എ. കുര്യൻ:
,, പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ സ്കൂളുകളിൽ നിയമനം ലഭിച്ചിട്ടുള്ള ഹരിജൻ അദ്ധ്യാപകർക്ക് ടി.ടി.സി. പാസാകണമെന്ന് നിർബന്ധം ഉണ്ടായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly